**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6419** **20-03-2023 - ൽ മറുപടിയ്ക്ക്**

**വാഴാനി വനമേഖലയിൽ വന്യമൃഗ ശല്യം പ്രതിരോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിൽ കാട്ടാനയുടെയും വന്യമൃഗങ്ങളുടെയും ശല്യം നിരന്തരം ഉണ്ടാകുന്ന വാഴാനി വനമേഖലയിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | **തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ ഡിവിഷന്റെ പരിധിയിൽ വരുന്ന വാഴാനി വനം മേഖലയിൽ നിരന്തരം ഉണ്ടാകുന്ന വന്യമൃഗ-മനുഷ്യ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക നടപടി എന്ന നിലയിൽ സോളാർ വേലി സ്ഥാപിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ജില്ലാ പ്ലാനിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ 'വന്യമിത്ര' ജില്ലാ സംയോജിത പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് തനത് വർഷത്തിൽ വാഴാനി മേഖലയിൽ 16 കി.മീറ്റർ ദൂരത്തിൽ സോളാർ വേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നാട്ടിലിറങ്ങുന്ന മൃഗങ്ങളെ കാട്ടിലേക്ക് കയറ്റി വിടുന്നതിന് ദിവസവേതന വാച്ചർമാരെ നിയോഗിച്ചുവരികയും ചെയ്യുന്നുണ്ട്.** |
| (ബി) | കാട്ടാന/വന്യമൃഗ ആക്രമണം പ്രതിരോധത്തിനായി വടക്കാഞ്ചേരി, മച്ചാട് ഫോറസ്റ്റ് റെയ്ഞ്ചുകൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീമിന് വനമേഖലകളിൽ ചെന്നെത്തുന്നതിനുള്ള ഗെറ്റവേ/ക്യാമ്പർ വെഹിക്കിൾ അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; | (ബി) | **നിലവിൽ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടില്ല. ഗെറ്റവെ, ക്യാമ്പർ വെഹിക്കിൾ അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല.** |
| (സി) | മേൽപ്പറഞ്ഞ റാപ്പിഡ് റെസ്പോൺസ് ടീമിന് വനമേഖലകളിൽ ചെന്നെത്തുന്നതിന് പ്രസ്തുത വെഹിക്കിൾ അനുവദിക്കുന്നതിനായി എം.എൽ.എ. ഫണ്ട് പ്രയോജനപ്പെടുത്തുന്നതിന് തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | **റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുന്ന മുറയ്ക്ക് എം.എൽ.എ ഫണ്ട് മുഖേന വെഹിക്കിൾ അനുവദിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.** |

സെക്ഷൻ ഓഫീസർ